21 (*256) പാവപ്പെട്ട വിദ്യാർത്ഥികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട വിദ്യാർത്ഥികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാലുവർഷക്കാലത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര വിദ്യാർത്ഥികളെ കണ്ടെത്തി എത്ര രൂപ വീതം സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി)കേരള കലാമണ്ഡലത്തിൽ കലാവിഷയങ്ങളിൽ കൂടുതൽ മാർക്കു നേടി വിജയിച്ച ഏതാനും വിദ്യാർത്ഥികൾക്ക് വിസിറ്റിംഗ് പ്രൊഫസർമാരുടെ കീഴിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

കേരള സംഗീത നാടക അക്കാദമി അർഹരായ കുട്ടികൾക്ക് സ്റ്റൈപ്പന്റ് നൽകിവരുന്നു. കൂടാതെ തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ 4 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബി.ടി.എ. ത്രിവത്സര കോഴ്സിന് പ്രതിമാസം 400/- രൂപ വീതം സ്കോളർഷിപ്പു നൽകിവരുന്നു.

(സി) കേരള സംഗീത നാടക അക്കാദമി കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ അർഹരായ 125 കുട്ടികളെ കണ്ടെത്തി മാസംതോറും 75/- രൂപ വീതം സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ട്.

കേരള കലാമണ്ഡലം 1998-99 വർഷം 6 പേർക്കും 1999-2000 വർഷത്തിൽ 7 പേർക്കും പ്രതിമാസം 500/- രൂപ സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ട്.

22 (*257) മൈത്രി ഭവന നിർമ്മാണ പദ്ധതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.പി. ബാലൻ വൈദ്യർ:
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രി പാർപ്പിട പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly